## ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 04.09.2025** **TIME : 07.25 AM**

### പ്രധാന വാർത്തകൾ

1. പൊതുജനങ്ങൾക്ക് ആശ്വാസമായി നിത്യോപയോഗ സാധങ്ങളുടെ ചരക്ക് സേവന നിരക്കിൽ ഇളവ് ഏർപ്പെടുത്തി കേന്ദ്ര സർക്കാർ; നാല് നികുതി സ്ലാബുകൾക്ക് പകരം ഇനി രണ്ട് എണ്ണം മാത്രം.

   **The Union government has reduced the GST rates on commonly used items as a relief to the public; Instead of four GST tax slabs, there will be only two from September 22.**

2. രാജ്യത്ത് നിർണായക ധാതുക്കൾ, ദ്വിതീയ സ്രോതസ്സുകളിൽ നിന്ന് വേർതിരിച്ച് ഉൽപ്പാദിപ്പിക്കുന്നതിനുള്ള 1,500 കോടി രൂപയുടെ പദ്ധതിക്ക് കേന്ദ്ര മന്ത്രിസഭ അംഗീകാരം.

   **The Union Cabinet has approved a Rs 1,500 crore rupees Incentive Scheme to develop recycling capacity in the country for the separation and production of critical minerals from secondary sources.**

3. തിരുവോണത്തെ വരവേൽക്കാനൊരുങ്ങി കേരളം; ഇന്ന് ഒന്നാം ഓണം; ഉത്രാടപാച്ചിലിൽ മലയാളികൾ.

   **Kerala is all set to welcome Thiruvonam; Today is the first Onam; Malayalis are in the throes of Uthradapachil.**

4. യമുനാ നദിയിലെ ജലനിരപ്പ് അപകട രേഖക്ക് മുകളിൽ ഉയർന്നതിനെ തുടർന്ന് ഡൽഹിയിൽ ജാഗ്രതാ നിർദേശം; താഴ്ന്ന പ്രദേശങ്ങളിൽ വെള്ളം കയറി.

**Delhi has been on high alert after the water level in the Yamuna river rose above the danger line; Water logging in low-lying areas.**

5. ഏഷ്യകപ്പ് ഹോക്കി ചാമ്പ്യൻഷിപ്പിൻറെ രണ്ടാം സൂപ്പർ- 4 ൽ ഇന്ത്യ-കൊറിയ മത്സരം സമനിലയിൽ.

**India-Korea match in the second Super-4 of the Asia Cup Hockey Championship ended in a draw.**

✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡

## NIRMAL–GST REFORMS (INTRO)

സാധാരണക്കാർ, തൊഴിൽ കേന്ദ്രീകൃത വ്യവസായങ്ങൾ, കർഷകർ, കൃഷി, ആരോഗ്യം തുടങ്ങി സമ്പദ്‌വ്യവസ്ഥയുടെ പ്രധാന ചാലകശക്തികളിൽ ശ്രദ്ധ കേന്ദ്രീകരിച്ചുള്ള ചരക്ക് സേവന നികുതി ഘടനയ്ക്ക് അംഗീകാരം നൽകി 56-ാമത് ജി.എസ്.ടി കൗൺസിൽ യോഗം. നാല് നികുതി സ്ലാബുകൾക്ക് പകരം 5%, 18% എന്നിങ്ങനെ രണ്ട് സ്ലാബുകളുള്ള നികുതി ഘടനക്കും യോഗം അംഗീകാരം നൽകി. ഇന്നലെ ധനമന്ത്രി നിർമല സീതാരാമന്റെ അധ്യക്ഷതയിൽ ന്യൂഡൽഹിയിലാണ് ജി.എസ്.ടി കൗൺസിൽ യോഗം നടന്നത്. സാധാരണക്കാർക്ക് ഗുണം ചെയ്യുന്ന തരത്തിലാണ് പുത്തൻ തലമുറ പരിഷ്കാരങ്ങൾ ആവിഷ്കരിച്ചതെന്ന് ധനമന്ത്രി വ്യക്തമാക്കി.

(ഹോൾഡ് വോയിസ് )

33 ജീവൻ രക്ഷാ മരുന്നുകൾക്കും കാൻസർ, അപൂർവ രോഗങ്ങൾ, എന്നിവയുടെ ചികിത്സയ്ക്കായി ഉപയോഗിക്കുന്ന മൂന്ന് മരുന്നുകൾക്കും ചരക്ക് സേവന നികുതി പൂർണമായി ഒഴിവാക്കി. ഈ മാസം 22 മുതൽ പുതിയ മാറ്റങ്ങൾ പ്രാബല്യത്തിൽ വരും.

വിശദാംശങ്ങളിലേക്ക്........

## NIRMAL-GST REFORMS (VOICE)

ടേം ലൈഫ്, യുലിപ്പ് , എൻഡോവ്മെന്റ് പോളിസികൾ തുടങ്ങിയ എല്ലാ വ്യക്തിഗത ലൈഫ് ഇൻഷുറൻസ് പോളിസികൾക്കും, മുതിർന്ന പൗരന്മാർക്കുള്ള പോളിസികൾ, റീഇൻഷുറൻസ് ഉൾപ്പെടെയുള്ള എല്ലാ വ്യക്തിഗത ആരോഗ്യ ഇൻഷുറൻസ് പോളിസികൾക്കും GST ഒഴിവാക്കൽ അംഗീകരിച്ചതായി ധനമന്ത്രി നിർമല പറഞ്ഞു. സാധാരണക്കാർക്ക് ഇൻഷുറൻസ് താങ്ങാനാവുന്നതാക്കി മാറ്റുന്നതിനും രാജ്യത്ത് ഇൻഷുറൻസ് പരിരക്ഷ വർദ്ധിപ്പിക്കുന്നതിനുമാണ് ഈ നീക്കം ലക്ഷ്യമിടുന്നതെന്നും ധനമന്ത്രി പറഞ്ഞു. മരുന്നുകൾക്ക് ജി.എസ്.ടി 12 ശതമാനത്തിൽ നിന്ന് 5 ശതമാനമായും മെഡിക്കൽ, സർജിക്കൽ, ഡെന്റൽ, വെറ്റർനറി ഉപകരണങ്ങൾക്കുള്ള ജി.എസ്.ടി 18 ശതമാനത്തിൽ നിന്ന് 5 ശതമാനമായും കുറച്ചതായും ധനമന്ത്രി അറിയിച്ചു. ഹെയർ ഓയിൽ, ടോയ്‌ലറ്റ് സോപ്പ്, ഷാംപൂ, ടൂത്ത് ബ്രഷുകൾ, ടൂത്ത് പേസ്റ്റ്, സൈക്കിളുകൾ, അടുക്കള ഉപകരണങ്ങൾ, ഉൾപ്പെടെയുള്ളവക്ക് ഇനി മുതൽ 5 ശതമാനം ജി.എസ്.ടി മാത്രമേ ഉണ്ടാകൂ. പാൽ, പനീർ, ലഘുഭക്ഷണങ്ങൾ, ബ്രെഡ് എന്നിവയുൾപ്പെടെ 175 പൊതു ഉപഭോഗ ഇനങ്ങൾക്ക് ജി.എസ്.ടി ഒഴിവാക്കി. സോസുകൾ, പാസ്ത, ഇൻസ്റ്റന്റ് നൂഡിൽസ്, ചോക്ലേറ്റുകൾ, കോഫി, സംരക്ഷിത മാംസം, കോൺഫ്ലേക്ക്സ്, വെണ്ണ, നെയ്യ് തുടങ്ങിയ ഭക്ഷ്യവസ്തുക്കളുടെ ജി.എസ്.ടി 5 ശതമാനമായി കുറച്ചതായും ശ്രീമതി സീതാരാമൻ പ്രഖ്യാപിച്ചു. എയർ കണ്ടീഷനിംഗ് മെഷീനുകൾ, 32 ഇഞ്ചിൽ കൂടുതലുള്ള ടെലിവിഷനുകൾ, എല്ലാത്തരം ടിവികൾ, ഡിഷ് വാഷിംഗ് മെഷീനുകൾ, ചെറിയ കാറുകൾ, മോട്ടോർ സൈക്കിളുകൾ തുടങ്ങിയ വസ്തുക്കളുടെ ജി.എസ്.ടി സ്ലാബ് 28 ശതമാനത്തിൽ നിന്ന് 18 ശതമാനമായി കുറച്ചതായും മന്ത്രി പറഞ്ഞു. എല്ലാ കാർഷിക ഉപകരണങ്ങളുടെയും ജി.എസ്.ടി 12 ശതമാനത്തിൽ നിന്ന് 5

ശതമാനമായി കുറച്ചതായും കർഷകർക്കും കാർഷിക മേഖലയ്ക്കും തീരുമാനങ്ങൾ ഗുണം ചെയ്യുമെന്നും ധനമന്ത്രി അഭിപ്രായപ്പെട്ടു .

ന്യൂസ് ഡെസ്ക് ആകാശവാണി...

✪✪✪✪✪✪✪✪✪✪✪✪✪✪✪✪✪

## PM- GST

ധനമന്ത്രി നിർമല സീതാരാമൻ പ്രഖ്യാപിച്ച ജി.എസ്.ടി യിലെ പുത്തൻ തലമുറ പരിഷ്കാരങ്ങളെ പ്രധാനമന്ത്രി നരേന്ദ്ര മോദി പ്രശംസിച്ചു. സാധാരണക്കാർ, കർഷകർ, എംഎസ്എംഇകൾ, മധ്യ വർഗം, സ്ത്രീകൾ, യുവാക്കൾ എന്നിവർക്ക് ഗുണം ചെയ്യുന്ന തരത്തിൽ ജി.എസ്.ടി നിരക്കുകൾ കുറയ്ക്കാൻ സർക്കാർ തീരുമാനിച്ചതായി പ്രധാനമന്ത്രി സമൂഹമാധ്യമത്തിൽ പോസ്റ്റിൽ കുറിച്ചു. പുതിയ പരിഷ്കാരങ്ങൾ ചെറുകിട വ്യാപാരികൾക്കും കച്ചവടക്കാർക്കും ഗുണം ചെയ്യുമെന്നും അദ്ദേഹം പറഞ്ഞു.

✪✪✪✪✪✪✪✪✪✪✪✪✪✪✪✪✪

## GST - MURUKAN

വ്യവസായ മേഖലയിലെ പ്രവർത്തനം സുഗമമാക്കാനും ഘടനാപരമായ പരിവർത്തനങ്ങൾ കൊണ്ടുവരാനും പുതിയ ചരക്ക് സേവന നികുതി നിരക്കുകൾ സഹായിക്കുമെന്ന് കേന്ദ്ര സഹമന്ത്രി എൽ.മുരുകൻ. ജി.എസ്.ടി പരിഷ്കാരങ്ങളെക്കുറിച്ച് സമൂഹമാധ്യമത്തിൽ കുറിച്ച പോസ്റ്റിലാണ് അദ്ദേഹം ഇക്കാര്യം പറഞ്ഞത്. ദീപാവലി മുതൽ ജനങ്ങൾക്ക് ഇതിന്റെ പ്രയോജനം ലഭിക്കുമെന്നും അദ്ദേഹം പറഞ്ഞു.

✪✪✪✪✪✪✪✪✪✪✪✪✪✪✪✪✪

## UNION CABINET CRITICAL MINERALS

രാജ്യത്ത് നിർണായക ധാതുക്കൾ, ദ്വിതീയ സ്രോതസ്സുകളിൽ നിന്ന് വേർതിരിച്ച് ഉൽപ്പാദിപ്പിക്കുന്നതിനുള്ള ശേഷി വികസനത്തിനായി 1,500 കോടി രൂപയുടെ പദ്ധതിക്ക് പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ അധ്യക്ഷതയിൽ ചേർന്ന കേന്ദ്ര മന്ത്രിസഭ അംഗീകാരം നൽകി. 2025-26 സാമ്പത്തിക വർഷം മുതൽ 2030-31 സാമ്പത്തിക വർഷം വരെയുള്ള ആറ് വർഷമാണ് പദ്ധതിയുടെ കാലാവധി. നിർണായക ധാതുക്കളുടെ ആഭ്യന്തര ശേഷിയും വിതരണ ശൃംഖലയുടെ പ്രതിരോധശേഷിയും വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെയാണ് നാഷണൽ ക്രിട്ടിക്കൽ മിനറൽ മിഷൻ പദ്ധതി ആവിഷ്കരിച്ചിരിക്കുന്നത്. വ്യവസായത്തിനായി നിർണായക ധാതുക്കൾ ലഭ്യമാക്കാൻ ഒരു നിശ്ചിതകാലയളവ് ആവശ്യമാണ്. ഹ്രസ്വകാലത്തേക്ക് വിതരണ ശൃംഖലയുടെ സുസ്ഥിരത ഉറപ്പാക്കാനുള്ള മാർഗ്ഗം ദ്വിതീയ സ്രോതസ്സുകൾ പുനഃചംക്രമണം ചെയ്യുക എന്നതാണ്.

✪✪✪✪✪✪✪✪✪✪✪✪✪✪✪✪✪

## CHHATTISGARH – MAOISTS SURRENDERED

ഛത്തീസ്ഗഡിലെ സുക്മ ജില്ലയിൽ ഇരുപത് മാവോയിസ്റ്റുകൾ കീഴടങ്ങി. സുക്മയിലെ പോലീസ് സൂപ്രണ്ടിന്റെ ഓഫീസിലാണ് ഒമ്പത് സ്ത്രീകളുൾപ്പെടെയുള്ള മാവോയിസ്റ്റ് സംഘം കീഴടങ്ങിയത്. ഇവർക്ക് മുപ്പത്തിമൂന്ന് ലക്ഷം രൂപ പാരിതോഷികം പ്രഖ്യാപിച്ചിരുന്നു. കീഴടങ്ങിയ മാവോയിസ്റ്റുകൾക്ക് നിരവധി അക്രമ സംഭവങ്ങളിൽ പങ്കുണ്ടെന്ന് ആരോപിക്കപ്പെടുന്നതായി പോലീസ് സൂപ്രണ്ട് കിരൺ ചവാൻ പറഞ്ഞു.

✪✪✪✪✪✪✪✪✪✪✪✪✪✪✪✪✪

## PM-GERMAN FM MEET

പ്രധാനമന്ത്രി നരേന്ദ്ര മോദി ജർമ്മൻ വിദേശകാര്യ മന്ത്രി ജോഹാൻ വാഡെഫുളുമായി ഇന്നലെ കൂടിക്കാഴ്ച നടത്തി. ഇന്ത്യയും ജർമ്മനിയും തന്ത്രപരമായ പങ്കാളിത്തത്തിന്റെ 25 വർഷം ആഘോഷിക്കുകയാണെന്ന് ശ്രീ മോദി സമൂഹ മാധ്യമത്തിൽ കുറിച്ചു. വ്യാപാരം, സാങ്കേതികവിദ്യ, നവീകരണം, സുസ്ഥിരത, ഉൽപ്പാദനം തുടങ്ങിയ മേഖലകളിൽ സഹകരണം വർദ്ധിപ്പിക്കുന്നതിന് ഇരു രാജ്യങ്ങളും സന്നദ്ധമാണെന്നും അദ്ദേഹം പറഞ്ഞു.

✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡

## UTHRADAM

തിരുവോണത്തെ വരവേൽക്കാനൊരുങ്ങി ദൈവത്തിന്റെ സ്വന്തം നാട്. ഇന്ന് ഉത്രാടം. കാർഷിക സമൃദ്ധിയുടെ ഓർമകളുമായി എത്തുന്ന പൊന്നോണനാളുകളിലെ ഒന്നാം ഓണ ദിനമാണ് ഉത്രാടം. തിരുവോണം കെങ്കേമമാക്കാനുള്ള ഓണക്കോടിയും സദ്യവട്ടങ്ങൾക്കുള്ള സാധനങ്ങളുമെല്ലാം വാങ്ങുന്ന അവസാനവട്ട ഉത്രാട പാച്ചിലിലാണ് ഇന്ന് മലയാളികൾ. ഓണ സദ്യക്കുള്ള ഉപ്പേരി, പുളി ഇഞ്ചി, അച്ചാറുകൾ എന്നിവയും ഉത്രാടദിനത്തിൽ തന്നെ തയ്യാറാക്കി വെക്കും. ഇത്തവണ അത്തം പതിനൊന്നിനാണ് തിരുവോണം എന്ന പ്രത്യേകതയുമുണ്ട്. സംസ്ഥാന സർക്കാരിൻറെ ഓണം വാരാഘോഷത്തിന് ഇന്നലെ തുടക്കമായി. ഈ മാസം 9 വരെ 33 വേദികളി ലായി വൈവിധ്യമായ പരിപാടികളുമായാണ് ഇത്തവണത്തെ ഓണം വാരാഘോഷം. സമാപന ദിനത്തിൽ നടക്കുന്ന ഓണം ഘോഷയാത്രയുടെ ഫ്ളാഗ് ഓഫ് ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ നിർവഹിക്കും.

✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡

## SUPPLY CO – SUBSIDY

ഉത്രാടദിനമായ ഇന്ന്, സപ്ലൈകോയിൽ തിരഞ്ഞെടുത്ത സബ്സിഡി ഇതര സാധനങ്ങൾക്ക്, 10 ശതമാനം വരെ വിലക്കുറവ്. ഓണത്തോട് അനുബന്ധിച്ച് സപ്ലൈകോ നൽകുന്ന ഓഫറിനും വിലക്കുറവിനും
പുറമേയാണിത്. അരി, എണ്ണ, സോപ്പ്, നെയ്യ്, ഡിറ്റർജെൻറുകൾ, ശബരി ഉത്പന്നങ്ങൾ തുടങ്ങിയവയ്ക്ക് അധിക വിലക്കുറവ് ലഭിക്കും.

## ASIA CUP RESULT

ഏഷ്യകപ്പ് ഹോക്കി ചാമ്പ്യൻഷിപ്പിൽ രണ്ടാം സൂപ്പർ- 4 ൽ ഇന്ത്യ-കൊറിയ മത്സരം സമനിലയിൽ അവസാനിച്ചു. ഇന്നലെ രാത്രി ബീഹാറിലെ രാജ്ഗിർ സ്പോർട്സ് കോംപ്ലക്സ് സ്റ്റേഡിയത്തിൽ നടന്ന മത്സരം 2 -2 എന്ന സമനിലയിൽ അവസാനിച്ചതോടെ ഇരു ടീമുകൾക്കും ഓരോ പോയിന്റ് ലഭിച്ചു. ഇന്നലെ നടന്ന ആദ്യ സൂപ്പർ 4 മത്സരത്തിൽ ചൈനയെ എതിരില്ലാത്ത രണ്ട് ഗോളുകൾക്ക് മലേഷ്യ പരാജയപ്പെടുത്തിയിരുന്നു. ഇന്ന് രാത്രി 7:30 ന് നടക്കുന്ന അടുത്ത സൂപ്പർ 4 പോരാട്ടത്തിൽ ഇന്ത്യ മലേഷ്യയെ നേരിടും.

## WORLD BOXING CHAMPIONSHIP

ലോക ബോക്സിംഗ് ചാമ്പ്യൻഷിപ്പ് - 2025 ന് ഇന്ന് ഇംഗ്ലണ്ടിലെ ലിവർപൂളിൽ തുടക്കം. ചാമ്പ്യൻഷിപ്പിൽ ഇന്ത്യയുടെ 20 അംഗ സംഘം മത്സരിക്കും. രണ്ട് തവണ ലോക ചാമ്പ്യനായ നിഖാത് സരീനും ടോക്കിയോ ഒളിമ്പിക് വെങ്കല മെഡൽ ജേതാവായ ലോവ്‌ലിന ബോർഗോഹെയ്നും ഉൾപ്പെടെയുള്ള താരങ്ങൾ പങ്കെടുക്കും. ലോക ബോക്സിംഗ് ചാമ്പ്യൻഷിപ്പുകൾ നോക്കൗട്ട് ഫോർമാറ്റിലാണ് നടക്കുന്നത്.